**ഭരണഭാഷ-മാതൃഭാഷ**

web sec

ടെലി : 0471-2302655, 2303654
അമാൽഗമേറ്റഡ് ഫണ്ട്, സൈനിക ക്ഷേമ ഡയറക്ടറേറ്റ്, വികാസ്ഭവൻ, തിരുവനന്തപുരം-33

ഡി-3/11470/2021/ഡി.എസ്.ഡബ്ല്യു          തീയതി : തിരുവനന്തപുരം, 24 ഫെബ്രുവരി 2021

## സർക്കുലർ

വിഷയം: അമാൽഗമേറ്റഡ് ഫണ്ട്— നിരാലംബരും രോഗികളുമായ രണ്ടാം ലോകമഹായുദ്ധ സേനാനികള്ക്കുള്ള മെഡിക്കൽ സ്കീം(**Medicare to Second World war Veterans**) വരുത്തിയ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്നു.

പരാമർശം : 1.03/02/2000 തിയതിയിലെ 57-ാം സ്റ്റേറ്റ് മാനേജിംഗ് കമ്മിറ്റി മീറ്റിംഗിലെ പ്രമേയം
2..12/01/2021 തീയതിയിലെ 79-ാം സ്റ്റേറ്റ് മാനേജിംഗ് കമ്മിറ്റി മീറ്റിംഗിലെ ആറാം നമ്പർ പ്രമേയം

പരാമർശം 1-ലെ പ്രമേയ പ്രകാരം അമാൽഗമേറ്റഡ് ഫണ്ടിൽ നിന്നും, നിരാലംബരും രോഗികളുമായ രണ്ടാം ലോകമഹായുദ്ധ സേനാനികൾക്കുള്ള മെഡിക്കൽ സ്കീമിന് അഗീകാരം നൽകി. പരാമർശം 2 പ്രകാരം ഇവർക്ക് നൽകി വന്നിരുന്ന ഒറ്റ തവണ ഗ്രാന്റ് 1000/- രൂപയിൽ നിന്ന് 3,000/- രൂപയും, ഗ്രാന്റ് അനുവദിക്കാനുള്ള വാർഷിക വരുമാന പരിധി 10,000/- രൂപയിൽ നിന്ന് 2,00,000/-(രണ്ട് ലക്ഷം) രൂപയായും വർധിപ്പിച്ച്, ഈ സ്കീമിന് ഭേദഗതി വരുത്തി.

2. **യോഗ്യതകൾ**

a) വാർഷിക വരുമാനപരിധി ₹.2,00,000/- ( രണ്ട് ലക്ഷം രൂപാ)
b) കേരളത്തിൽ സ്ഥിരതാമസം ഉള്ളവർ ആയിരിക്കണം
c) കേന്ദ്ര, കേരള സർക്കാരിന്റെ ചികിത്സ പദ്ധതിയിലും, മറ്റു ചികിത്സ പദ്ധതികളിലും അംഗങ്ങളായിട്ടുള്ളവർ ഈ ഗ്രാന്റിന് അർഹരല്ല.
d) **1942** മുതൽ **1950** കാലഘട്ടത്തിൽ സൈന്യത്തിൽ സേവനമനുഷ്ഠിച്ച രണ്ടാംലോക മഹായുദ്ധ സേനാനികൾ ആയിരിക്കണം..
e) ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത് അവരുടെ വരുമാനം, പ്രായം, രോഗാവസ്ഥ എന്നിവ കണക്കാക്കിയായിരിക്കും.
g) **Medicare to Second World war Veterans** ഗ്രാന്റ് രണ്ടാംലോക മഹായുദ്ധ സേനാനികൾക്ക് മാത്രമെ ലഭിക്കുകയുള്ളൂ.
h) ജീവിതകാലയളവിൽ ഒരിക്കൽ മാത്രമെ **Medicare to Second World war Veterans** ഗ്രാന്റ് ലഭിക്കുകയുള്ളൂ

3. സംസ്ഥാനത്ത് 100 ഗുണഭോക്താക്കൾക്ക് മാത്രമെ ഗ്രാന്റ് അനുവദിക്കുകയുള്ളു, നൂറിൽ കൂടുതൽ ഗുണഭോക്താക്കൾ ഉണ്ടെങ്കിൽ തിരുവനന്തപുരം, പത്തനംതിട്ട എന്നീ ജില്ലകൾക്ക് 8 വീതവും ബാക്കി ജില്ലകൾക്ക് 7 വീതവും അപേക്ഷകരെയായിരിക്കും തിരഞ്ഞെടുക്കുക (എന്നിരുന്നാലും ജില്ലകളിൽ ലഭിക്കുന്ന അപേക്ഷകൾ സൈനിക ക്ഷേമ ഡയറക്ടറേറ്റിലേക്ക് അയക്കാവുന്നതാണ്)

**സമർപ്പിക്കേണ്ട രേഖകൾ**

a) അപേക്ഷ മാതൃകയിൽ (രണ്ട് കോപ്പി)
b) വിമുക്തഭട തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് (ജില്ലാ സൈനിക ക്ഷേമ ഓഫീസർ സാക്ഷ്യപ്പെടുത്തിയത്)
c) വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ് (അസൽ)
d) ഐ.പി/ ഒ.പി ടിക്കറ്റിന്റെ അസൽ
e) ഡോക്ടറുടെ Medical Essentiality Certificate അസൽ (സീൽ പതിച്ചിരിക്കണം)
f) ഡോക്ടറുടെ കൈയ്യൊപ്പോടുകൂടിയുള്ള മരുന്നുകളുടെ ബില്ല് അസൽ (സീൽ പതിച്ചിരിക്കണം)

g) ഡിസ്ചാർജ്ബുക്കിന്റെ പകർപ്പ് (ജില്ലാ സൈനിക ക്ഷേമ ഓഫീസർ സാക്ഷ്യപ്പെടുത്തിയത്)

4. സാമ്പത്തിക സഹായം ജില്ലാ സൈനിക ക്ഷേമ ഓഫീസ് മുഖേനയാണ് വിതരണം ചെയ്യുന്നത്. ഗ്രാന്റ് വിതരണം ചെയ്ത ശേഷം ഗുണഭോക്താവിന്റെ ഡിസ്ചാർജ് ബുക്കിൽ രേഖപ്പെടുതുകയോ/ ഇതിനായി ഒരു രജിസ്റ്റർ സൂക്ഷിക്കുയോ ചെയ്യാവുന്നതാണ്. **Medicare to Second World war Veterans** സ്കീമിന് അർഹതയുള്ളവരുടെ അപേക്ഷയും, അനുബന്ധ രേഖകളും ജില്ലാ സൈനിക ക്ഷേമ ഓഫീസർ ശുപാർശ ചെയ്തയ്ക്കണം.

ഡയറക്ടർ ഇൻ ചാർജ്ജ്

<u>പകർപ്പ്</u>

1. എല്ലാ ജില്ലാ സൈനിക ക്ഷേമ ഓഫീസർമാർക്കും
2. ഡി-1 സെക്ഷൻ
3. സ്റ്റോക്ക് ഫയൽ
4. ഓഫീസ് കോപ്പി .
5. വെബ് സെക്ഷൻ (വെബ് സെറ്റിൽ കൊടുക്കാൻ)

സൈനിക ക്ഷേമ വകുപ്പ് കേരളം തിരുവനന്തപുരം

# അപേക്ഷ ഫോം

| | | |
|---|---|---|
| 1 | നമ്പർ | |
| 2 | റാങ്ക് | |
| 3 | പേര് | |
| 4 | വിലാസം | |
| 5 | രണ്ടാംലോക മഹായുദ്ധ സേനാനി ആണോ | |
| 6 | സൈന്യത്തിൽ സേവനം ചെയ്ത കാലാവധി | |
| 7 | ജനനതിയതി/വയസ് | |
| 8 | കേന്ദ്ര- സംസ്ഥാന ഇൻഷുറൻസിൽ അംഗമാണോ | |
| 9 | മറ്റെന്തെങ്കിലും ഇൻഷുറൻസ് പരിരക്ഷ ഉണ്ടോ | |
| 10 | കേന്ദ്ര- സംസ്ഥാനത്തിന്റെ പെൻഷൻ ലഭിക്കുന്നുണ്ടോ | |
| 11 | വാർഷിക വരുമാനം | |
| 12 | രോഗ വിവരം | |
| 13 | മുൻ കാലയളവിൽ ഈ ഗ്രാന്റ് വാങ്ങിയിട്ടുണ്ടോ | |

സ്ഥലം:

ഒപ്പ്-

തിയ്യതി:

പേര്-

മേൽപ്രസ്താവിച്ച വസ്തുതകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് **Medicare to Second World war Veterans** ഗ്രാന്റിന് ശുപാർശ ചെയ്യുന്നു

സ്ഥലം:

ജില്ലാ സൈനികക്ഷേ ഓഫീസർ

തിയതി:

<u>മേലൊപ്പ്</u>

അംഗീകരിക്കുന്നു/ അംഗീകരിക്കുന്നില്ല

സൈനികക്ഷേമ ഡയറക്ടർ

തിയതി:-